(സി) കടാശ്വാസത്തിനുവേണ്ടിയുള്ള വ്യക്തിഗത അപേക്ഷകളിൽ നാളിതുവരെ 188,51,25,307 രൂപ കടാശ്വാസമായി സംസ്ഥാന കർഷക കടാശ്വാസ കമ്മീഷൻ ശിപാർശ ചെയ്തിട്ടുണ്ട്.

(ഡി) കർഷക കടാശ്വാസ കമ്മീഷൻ മുമ്പാകെ അപേക്ഷ സമർപ്പിക്കുന്നതിനുള്ള അവസാന തീയതി 31-10-2015 ആയി പുനർനിശ്ചയിക്കുന്നതിന് മുമ്പ് ലഭിച്ചിരുന്ന അപേക്ഷകളിൽ 39,868 എണ്ണം തീർപ്പ് കൽപ്പിക്കാനായി കമ്മീഷൻ മുമ്പാകെ നിലവിലുണ്ട്.

(ഇ) കമ്മീഷൻ മുമ്പാകെ ലഭിക്കുന്ന അപേക്ഷകളിൽ അപേക്ഷകനെയും ബന്ധപ്പെട്ട ബാങ്കിനെയും കേട്ടതിനുശേഷമാണ് കമ്മീഷൻ കടാശ്വാസം ശിപാർശ ചെയ്യുന്നത്. ഇത്തരത്തിൽ അപേക്ഷകൾ പരമാവധി വേഗത്തിൽ തീർപ്പാക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നുണ്ട്.

ദക്ഷിണേന്ത്യൻ കാർഷിക മേള

224 (1698) ശ്രീ. എളമരം കരീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദക്ഷിണേന്ത്യൻ കാർഷിക മേള കണ്ണൂരിൽ സംഘടിപ്പിക്കുന്നതിന് മൊത്തം എന്ത് തുക ചെലവഴിക്കുകയുണ്ടായി; പ്രദർശന നഗരിയിൽനിന്നും പ്രവേശന ഫീസ് ഇനത്തിൽ കൃഷിക്കാരിൽ നിന്നും ശേഖരിച്ച തുക എത്ര; സ്റ്റാളുകളുടെ ഇനത്തിലുണ്ടായ വരുമാനം എത്ര;

(ബി) പ്രസ്തുത പ്രദർശനം സംഘടിപ്പിക്കുന്നതിന് ഏതെല്ലാം ഇനത്തിൽ എന്ത് തുക വീതം ചെലവായി; വിശദമാക്കുമോ; ആഡിറ്റ് ചെയ്ത വരവ് ചെലവ് കണക്കുകൾ വിശദമാക്കുമോ;

(സി) ഈ മേളക്കുവേണ്ടി കൃഷി വകുപ്പിൽനിന്നും ചെലവായ മൊത്തം തുക എത്രയായിരുന്നു?

ഉത്തരം

(എ) 2015 ആഗസ്റ്റ് 16 മുതൽ 26 വരെ കണ്ണൂർ പോലീസ് മൈതാനത്ത് വച്ച് സംഘടിപ്പിച്ച ദക്ഷിണേന്ത്യൻ കാർഷിക മേളയ്ക്ക് മൊത്തം 1,77,61,505 (ഒരു കോടി എഴുപത്തി ഏഴ് ലക്ഷത്തി അറുപത്തി ഒരായിരത്തി അഞ്ഞൂറ്റി അഞ്ച് രൂപ മാത്രം) ചെലവായി. പ്രദർശന നഗരിയിൽ നിന്ന് പ്രവേശന ഫീസിനത്തിൽ 17,34,140 രൂപ (പതിനേഴ് ലക്ഷത്തി മുപ്പത്തി നാലായിരത്തി ഒരുനൂറ്റി നാല്പത് രൂപ മാത്രം) ലഭിക്കുകയുണ്ടായി. പ്രസ്തുത മേളയുടെ ഭാഗമായി ഒരുക്കിയ സ്റ്റാളുകളുടെ ഇനത്തിൽ 21,21,050 (ഇരുപത്തി ഒന്ന് ലക്ഷത്തി ഇരുപത്തി ഒന്നായിരത്തി അൻപത് രൂപ മാത്രം) ശേഖരിക്കുകയുണ്ടായി.

LIBRARY ARCHIVES Kerala Legislative Assembly

(ബി) പ്രദർശനം സംഘടിപ്പിച്ച വകയിൽ ഓരോയിനത്തിനും ചെലവായ തുകയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു :

ഇനം	ചെലവായതുക(രൂപയിൽ)
പ്രോഗ്രാം കമ്മിറ്റി	2,20,116
പബ്ലിസിറ്റി കമ്മിറ്റി	15,31,108
റിസപ്ഷൻ സ്റ്റേജ് ഡെക്കറേഷൻ കമ്മിറ്റി	7,99,009
ഇൻഫ്രാസ്ട്രക്ച്ചർ കമ്മിറ്റി	73,92,193
എക്സിബിഷൻ കമ്മിറ്റി	19,54,105
ഫുഡ് & അക്കോമഡേഷൻ കമ്മിറ്റി	12,12,774
എന്റർടെയിൻമെന്റ് കമ്മിറ്റി	16,13,785
സെമിനാർ കമ്മിറ്റി	5,36,260
ട്രാൻസ്പോർട്ടേഷൻ കമ്മിറ്റി	98,453
അവാർഡ് കമ്മിറ്റി	9,11,706
ഘോഷയാത്ര കമ്മിറ്റി	8,40,285
സെക്യൂരിറ്റി കമ്മിറ്റി	2,06,250
ബാങ്ക് ചാർജ്ജ്	866
എഫ്.ഐ.ബി. പവലിയൻ	4,44,595
മൊത്തം	1,77,61,505

വരവ് ചെലവ് കണക്കുകളുടെ ആഡിറ്റിംഗ് കഴിഞ്ഞിട്ടില്ല.

(സി) സൗത്ത് ഇന്ത്യൻ കാർഷിക മേളയുമായി ബന്ധപ്പെട്ട് കൃഷി വകുപ്പിൽ നിന്നും ഇതുവരെ മൊത്തം 12,80,895 (പന്ത്രണ്ട് ലക്ഷത്തി എൺപതിനായിരത്തി എണ്ണൂറ്റി തൊണ്ണൂറ്റി അഞ്ച് രൂപ മാത്രം) ചെലവായിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly